**പതിനഞ്ചാം കേരള നിയമസഭ**

# മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## പതിനൊന്നാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2016-2019)യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2026

**പതിനഞ്ചാം കേരള നിയമസഭ**

**മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)**

**പതിനൊന്നാമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2016-2019)യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

<u>**ഉള്ളടക്കം**</u>


| | |
|---|---|
| | **പേജ്** |
| സമിതിയുടെ ഘടന | v |
| ആമുഖം | vii |
| റിപ്പോർട്ട് | 1 |

## മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി(2023-2026)

### ഘടന

ചെയർപേഴ്സൺ :

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കെ. പി. മോഹനൻ

വാഴൂർ സോമൻ *

ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ്:

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി സിന്ധു റ്റി.ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആനന്ദ് കെ., അണ്ടർ സെക്രട്ടറി

* 21.08.2025 -ന് നിര്യാതനായി.

## ആമുഖം

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)യുടെ അധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ 11 -ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-2019)യുടെ ഒന്നാമത് റിപ്പോർട്ട് 2017 ആഗസ്റ്റ് 23-ാംതീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ 19 ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ വിവിധ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും ചില റിപ്പോർട്ടുകളിന്മേൽ സമിതി അധിക വിവരം ആരായുകയും ചെയ്തു. പ്രസ്തുത ശിപാർശകളിന്മേലും സമിതി ആരാഞ്ഞ അധിക വിവരത്തിന്മേലും സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകളും സമിതിയുടെ തുടർ ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി 4-ാംതീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,**
ചെയർപേഴ്സൺ,
മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
**2026 ഫെബ്രുവരി 5**

## റിപ്പോർട്ട്

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-2019)യുടെ 2017 ആഗസ്റ്റ് 23-ാം തീയതി സഭയിൽ സമർപ്പിച്ച ഒന്നാമത് റിപ്പോർട്ടിൽ 19 ശിപാർശകളാണ് ഉണ്ടായിരുന്നത്. ഇവയിൽ ഖണ്ഡിക 23, 24, 30 എന്നിവ ഒഴികെയുള്ള മറ്റ് 16 ശിപാർശകളിന്മേൽ സാമൂഹ്യനീതി, ആരോഗ്യകുടുംബക്ഷേമം, ഗതാഗതം, റവന്യൂ(ദേവസ്വം), പൊതുമരാമത്ത്, ഉദ്യോഗസ്ഥ ഭരണപരിഷ്കാരം , ആഭ്യന്തരം, തദ്ദേശസ്വയംഭരണം, പാർലമെന്ററികാര്യം എന്നീ വകുപ്പുകൾ നടപടി സ്വീകരിക്കുകയും അവ സംബന്ധിച്ച മറുപടി പത്രിക ലഭ്യമാക്കുകയും ചെയ്തു. സമിതി 25.09.2019, 31.05.2022, 23.05.2024, 10.07.2025 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ അവ പരിഗണിക്കുകയും ഖണ്ഡിക 15 ഒഴികെയുള്ള ശിപാർശകളുടെ മറുപടി സ്റ്റേറ്റ്മെന്റ് അംഗീകരിക്കുകയും ചെയ്തു.

സമിതി(2016-19)യുടെ ഒന്നാമത് റിപ്പോർട്ടിലെ 23, 24, 30 എന്നീ ഖണ്ഡികകളിലെ ശിപാർശകൾക്ക് ആരോഗ്യകുടുംബക്ഷേമ വകുപ്പ് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ലായെന്നതും ഖണ്ഡിക 15 ലെ ശിപാർശക്ക് വ്യക്തമായി മറുപടി നൽകാത്തതും സമിതി ഗൗരവമായി വീക്ഷിക്കുന്നു. സമിതിയുടെ ശിപാർശകളും സമിതി അംഗീകരിച്ച സർക്കാർ മറുപടികളും ഈ റിപ്പോർട്ടിലെ ഒന്നാം അദ്ധ്യായമായും സമിതിയുടെ ശിപാർശകളും ആയവയ്ക്ക് സമിതി നിർദ്ദേശിച്ച തുടർ ശിപാർശകളും രണ്ടാം അദ്ധ്യായമായും ഉൾക്കൊള്ളിച്ചിരിക്കുന്നു.

### അദ്ധ്യായം 1

### സമിതിയുടെ ശിപാർശകളും സമിതി അംഗീകരിച്ച സർക്കാർ റിപ്പോർട്ടുകളും

#### ഖണ്ഡിക -8

പ്രായാധിക്യമുള്ളവർക്ക് ശബരിമല നടന്ന് കയറുന്നതിനായി പ്രത്യേകം സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം ഇവരെ കൈപിടിച്ച് മല കയറ്റുന്നതിന്

പ്രത്യേക വോളണ്ടിയർമാരെ നിയോഗിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**റവന്യൂ(ദേവസ്വം) വകുപ്പ് സ്വീകരിച്ച നടപടി**

*(8 മുതൽ 12 വരെയുള്ള ശിപാർശകളിന്മേൽ റവന്യൂ (ദേവസ്വം) വകുപ്പിന്റെ 17.08.2022-ലെ റവ-ദേവ 2/195/2018-റവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

പ്രായാധിക്യം മൂലം മല നടന്ന് കയറുവാൻ ബുദ്ധിമുട്ടുള്ളവർക്കായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള ഡോളി സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്. വളരെയധികം ഭക്തജനങ്ങൾ എത്തിച്ചേരുന്ന ശബരിമലയിൽ ഒരു വിഭാഗം ഭക്തർക്കു വേണ്ടി പ്രത്യേകം വോളണ്ടിയർമാരെ നിയോഗിക്കുന്നത് അപ്രായോഗികമാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

**ഖണ്ഡിക - 9**

മുതിർന്ന പൗരന്മാർക്ക് മല കയറുന്നതിനിടയിൽ ശാരീരിക ബുദ്ധിമുട്ട് ഉണ്ടായാൽ ആ സ്ഥലത്ത് വൈദ്യസഹായം എത്തിക്കുന്നതിനും മല കയറുന്നതിനുമുമ്പ് ആവശ്യമുള്ളപക്ഷം ആരോഗ്യനില പരിശോധിക്കുന്നതിനും ഇടയ്ക്കിടയ്ക്ക് വിശ്രമസ്ഥലങ്ങൾ ഒരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പമ്പ മുതൽ സന്നിധാനം വരെയുള്ള പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും ഓക്സിജൻ പാർലർ ഉൾപ്പെടെയുള്ള അടിയന്തര വൈദ്യ സഹായത്തിനുള്ള സംവിധാനങ്ങളും വിശ്രമിക്കുന്നതിനുള്ള സംവിധാനങ്ങളും നിലവിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ആംബുലൻസ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ഹൃദയസംബന്ധമായ അസുഖം ഉള്ളവരും മുതിർന്ന പൗരന്മാരും ആയാസരഹിതമായി വിശ്രമമെടുത്ത് മലകയറണമെന്ന നിർദേശങ്ങൾ ബോർഡുകൾ സ്ഥാപിച്ച് നൽകിവരുന്നുണ്ട്.

**ഖണ്ഡിക - 10**

ആരോഗ്യപരമായി ബുദ്ധിമുട്ടുള്ളവരെ പെട്ടെന്ന് ആശുപത്രിയിൽ എത്തിച്ച് കിടത്തിചികിത്സ നൽകുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കണമെന്നും രോഗിയെ ആശുപത്രിയിൽ എത്തിക്കുന്നതിന് "ഓഫ് റോഡ് ആംബുലൻസ്" സംവിധാനം ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

ദേവസ്വം ബോർഡിന്റെയും വനം വകുപ്പിന്റെയും രണ്ട് "ഓഫ് റോഡ് ആംബുലൻസുകൾ" നിലവിൽ സർവ്വീസ് നടത്തിവരുന്നുണ്ട്. കൂടാതെ തടസ്സ രഹിതമായി ആംബുലൻസ് സഞ്ചരിക്കുന്നതിലേയ്ക്കായി പമ്പ-സന്നിധാനം പാത ക്രമീകരിച്ചിട്ടുണ്ട്.

**ഖണ്ഡിക - 11**

ചന്ദ്രാനന്ദൻ റോഡിൽ ഒന്നരകിലോമീറ്ററോളം വിശ്രമസ്ഥലങ്ങൾ കുറവാണെന്ന് വിലയിരുത്തിയ സമിതി, വനത്തിന്റെ സ്വാഭാവികതയ്ക്ക് ഭംഗം വരുത്താതെയും മരങ്ങൾക്ക് നാശം വരുത്താതെയും ശബരിമല സീസണുകളിൽ മാത്രം ബെഞ്ചുകൾ സ്ഥാപിച്ചുള്ള താല്ക്കാലിക വിശ്രമ സങ്കേതങ്ങൾ വനം വകുപ്പിന്റെ അനുമതിയോടെ നിർമ്മിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ചന്ദ്രാനന്ദൻ റോഡിൽ കൂടുതലായി സൗകര്യങ്ങൾ ഒരുക്കുന്നതിന് വനം വകുപ്പിൽ നിന്നും ഭൂമി വിട്ടുകിട്ടേണ്ടതുണ്ട്. അധികഭൂമി ലഭിക്കുന്ന മുറയ്ക്ക് ചന്ദ്രാനന്ദൻ റോഡിലെ ഒന്നര കിലോമീറ്റർ ദൂരപരിധിയിൽപ്പെടുന്ന സ്ഥലത്ത് വിശ്രമത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

**ഖണ്ഡിക -12**

പമ്പ മുതൽ സന്നിധാനം വരെ മുതിർന്ന പൗരന്മാർക്ക് മലകയറുന്നതിനും ഇറങ്ങുന്നതിനുമായി 3 അടി വീതിയിൽ പ്രത്യേക നടപ്പാത സജ്ജീകരിക്കണമെന്നും അവർക്ക് ഇടയ്ക്ക് വിശ്രമിക്കുന്നതിനുള്ള താൽക്കാലിക സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പമ്പ മുതൽ സന്നിധാനം വരെ ആകെ 8 അടി വീതിയിലാണ് നടപ്പാത നിർമ്മിച്ചിട്ടുള്ളത്. ആയത് രണ്ടായി ഭാഗിച്ച് നാലടി വീതം മലകയറുന്നതിനും ഇറങ്ങുന്നതിനുമുള്ള സൗകര്യമാണ് ഉള്ളത് . നിലവിലുള്ള സൗകര്യത്തിൽ നിന്നും 3 അടി സ്ഥലം മുതിർന്ന പൗരൻമാർക്കായി നീക്കിവച്ചാൽ പതിനായിരക്കണക്കിന് വരുന്ന മറ്റ് ഭക്തജനങ്ങൾക്ക് ഒരടി വീതിയിലൂടെ നടന്ന് പോകേണ്ട സാഹചര്യം ഉണ്ടാകും ആയത് നിലവിലെ സ്ഥിതിയിൽ പ്രായോഗികമല്ല . നടപ്പാത വികസിപ്പിക്കുന്നതിനായി വനം വകുപ്പിൽ നിന്നും ഭൂമി ലഭിച്ചാൽ മാത്രമേ 3 അടി വീതിയിൽ പ്രത്യേക നടപ്പാത മുതിർന്ന പൗരന്മാർക്കായി സജ്ജീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

പമ്പ - സന്നിധാനം പാതയിൽ നിലവിൽ ആവശ്യമായ വിശ്രമകേന്ദ്രങ്ങളും ഓക്സിജൻ പാർലറുകളും വൈദ്യ സഹായ കേന്ദ്രങ്ങളും ഒരുക്കിയിട്ടുണ്ട്.

*(ഖണ്ഡിക 8,9,10,11,12 എന്നിവയിന്മേലുള്ള മറുപടി സമിതിയുടെ 23.05.2024-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**ഖണ്ഡിക - 14**

മുതിർന്ന പൗരന്മാർ സമർപ്പിക്കുന്ന ഹർജികളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ വരുത്തുന്ന അക്ഷന്തവ്യമായ കാലതാമസം

സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ചികിത്സാ ധനസഹായത്തിനായി സമർപ്പിച്ച ഹർജികൾക്കുപോലും വകുപ്പുകൾ വേണ്ടത്ര പരിഗണന നൽകാത്തതിനാൽ ഹർജിക്കാർ ധനസഹായം ലഭിക്കാതെ മരണപ്പെട്ട സാഹചര്യങ്ങൾ ഉണ്ടായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആകയാൽ ചികിത്സാചെലവും ഭാവിയിലുള്ള ചികിത്സാ രീതികളും വിവരിച്ചുകൊണ്ടുള്ള ഡോക്ടർ സർട്ടിഫിക്കറ്റിനോടൊപ്പം മുതിർന്ന പൗരന്മാർ സമർപ്പിക്കുന്ന അപേക്ഷയിന്മേൽ ബന്ധപ്പെട്ട വകുപ്പുതല മേലുദ്യോഗസ്ഥൻ നേരിട്ട് ഇടപെടണമെന്നും അർഹമായവയ്ക്ക് കാലതാമസം കൂടാതെ ആയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**<u>ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി</u>**

*(ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പിന്റെ 26.12.2024-ലെ M2/506/2019-Health നമ്പർ കത്തുമുഖേന ലഭിച്ച മറുപടി)*

ആശുപത്രികളിൽ മുതിർന്ന പൗരന്മാർ സമർപ്പിക്കുന്ന ഹർജികളിൽ തുടർ നടപടി സ്വീകരിക്കുന്നതിന് കാലതാമസം വരുത്താതെ അവർക്ക് അർഹമായ ചികിത്സയോ മറ്റ് അർഹമായ ആനുകൂല്യങ്ങളോ നൽകുന്നതിന് ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിച്ചുവരുന്നുണ്ട്. മുതിർന്ന പൗരന്മാർക്ക് ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റും മറ്റു അനുബന്ധ ചികിത്സാ പകർപ്പുകളും നൽകുന്നതിന് എന്തെങ്കിലും കാലതാമസം നേരിടുകയാണെങ്കിൽ അർഹമായവയ്ക്ക് അടിയന്തരമായി കാലതാമസം കൂടാതെ ആയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് രേഖാമൂലമുള്ള നിർദ്ദേശം വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്.

*(സമിതിയുടെ 10.07.2025-ലെ യോഗത്തിൽ അംഗീകരിച്ചു.)*

## ഖണ്ഡിക-16

സമിതിക്കു ലഭിക്കുന്ന ഹർജികളിൽ അടിയന്തരമായി നടപടി സ്വീകരിക്കേണ്ടവയ്ക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടി നല്കണമെന്ന് സമിതി യോഗങ്ങളിൽ നിർദ്ദേശം നല്കാറുണ്ടെങ്കിലും വകുപ്പുകൾ അത് പാലിക്കാറില്ലെന്നും പലപ്പോഴും നിരവധി വർഷങ്ങൾക്കു ശേഷമാണ് മറുപടി ലഭിക്കാറുള്ളതെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ സമിതി നിർദ്ദേശങ്ങൾക്ക് പരാമർശിക്കപ്പെട്ട നിശ്ചിത സമയത്തിനുള്ളിൽത്തന്നെ അതതു വകുപ്പുകൾ മറുപടി നല്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## പാർലമെന്ററികാര്യ വകുപ്പ് സ്വീകരിച്ച നടപടി

*(പാർലമെന്ററികാര്യ (ബി) വകുപ്പിന്റെ 29.05.2020-ലെ പാ. കാ. വ-ബി1/84/2019-പാ. കാ. വ നമ്പർ കത്തുമുഖേന ലഭിച്ച മറുപടി)*

സമിതി നിർദ്ദേശങ്ങൾക്ക് പരാമർശിക്കപ്പെട്ട നിശ്ചിത സമയത്തിനുള്ളിൽ തന്നെ അതതു വകുപ്പുകൾ നിയമസഭയ്ക്ക് മറുപടി നല്കണമെന്ന് കർശന നിർദ്ദേശം നല്കിക്കൊണ്ട് 22.11.2019 തീയതിയായി പാ. കാ. വ.-ബി1/84/2019- പാ. കാ. വ. നമ്പരായി ചീഫ് സെക്രട്ടറി തലത്തിൽ ഒരു സർക്കുലർ പുറപ്പെടുവിക്കുകയും , എല്ലാ വകുപ്പു സെക്രട്ടറിമാർക്കും വകുപ്പുകൾക്കും നൽകുകയും ചെയ്തു.

*(സമിതിയുടെ 31.05.2022-ലെ യോഗത്തിൽ അംഗീകരിച്ചു.)*

## ഖണ്ഡിക-17

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഒരു മാസത്തിനുള്ളിൽ ഹർജികളിന്മേലുള്ള റിപ്പോർട്ടുകൾ ബന്ധപ്പെട്ട വകുപ്പുകൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ചട്ടപ്രകാരമുള്ള കാലാവധി ഒരിക്കലും വകുപ്പുകൾ പാലിക്കാറില്ലെന്നും പലപ്പോഴും നാലോ അഞ്ചോ വർഷങ്ങൾക്കുശേഷമാണ് റിപ്പോർട്ടുകൾ ലഭിക്കാറുള്ളതെന്നുമുള്ള വസ്തുത

സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി . ആകയാൽ ജീവിതസായാഹ്നത്തിൽ എത്തിനിൽക്കുന്ന വയോജനങ്ങൾ സമർപ്പിക്കുന്ന പരാതികളിൽ ഒരു മാസത്തിനുള്ളിൽതന്നെ മറുപടി ലഭ്യമാക്കണമെന്ന ചട്ടം കൃത്യമായി പാലിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സ്വീകരിച്ച നടപടി**</u>

***(ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ. ആർ. 13) വകുപ്പിന്റെ 27.11.2019-ലെ 264/ എ. ആർ. 13-2/2019/ഉഭപവ നമ്പർ കത്തുമുഖേന ലഭിച്ച മറുപടി)***

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ 3461/A2/85/P&ARD തീയതി 30.03.1985, 168/AR 13-2/2009/P&ARD തീയതി 12.01.2009 എന്നീ സർക്കുലറുകൾ പ്രകാരം സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന നിവേദനങ്ങൾ /പരാതികൾ/ അപേക്ഷകൾ എന്നിവയ്ക്ക് കൈപ്പറ്റ് രസീത് നൽകണമെന്നും സ്വീകരിച്ച നടപടികൾ അപേക്ഷകന് ഒരു മാസത്തിനകവും അന്തിമ തീർപ്പ് മൂന്നു മാസത്തിനകവും നൽകണമെന്നും നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറുകളിലെ നിർദ്ദേശം കർശനമായി പാലിക്കണമെന്നും അല്ലാത്തപക്ഷം ഉദ്യോഗസ്ഥർക്കെതിരെ വകുപ്പധ്യക്ഷന്മാർ ശിക്ഷാനടപടികൾ കൈക്കൊള്ളണമെന്നും തുടർ നിർദേശം 11433/AR13-2/2015/P&ARD dated 16.07.2015 സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്ക് എത്തുന്ന മുതിർന്ന പൗരന്മാർക്ക് പ്രത്യേക പരിഗണന ലഭിക്കുന്നതിനാവശ്യമായ നടപടികൾ വകുപ്പധ്യക്ഷന്മാർ എടുക്കണം എന്ന് 353/AR 13-2/2017/P&ARD dated 27.11.2017 സർക്കുലർ പ്രകാരം നിർദേശം നൽകിയിട്ടുമുണ്ട്.

(സമിതിയുടെ 31.05.2022-ലെ യോഗത്തിൽ അംഗീകരിച്ചു.)

<u>**ഖണ്ഡിക -20**</u>

കേരള മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് റൂൾസ്, 2007 സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ

അടിയന്തരമായി ഇടപെടുന്നതിന് സാമൂഹ്യനീതി വകുപ്പ് ഒരു സ്പെഷ്യൽ സ്ക്വാഡ് സംവിധാനം രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>**സാമൂഹ്യ നീതി വകുപ്പ് സ്വീകരിച്ച നടപടി**</u>

*(സാമൂഹ്യ നീതി (സി) വകുപ്പിന്റെ 14.06.2019-ലെ സി 2/13/2019/സാനീവ നമ്പർ കത്തുമുഖേന ലഭിച്ച മറുപടി)*

മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007, റൂൾസ് എന്നിവ പ്രകാരം മെയിന്റനൻസ് ട്രൈബ്യൂണലുകൾ (സബ് ഡിവിഷണൽ ഓഫീസർ) മുൻപാകെ വരുന്ന കേസുകളിൽ വേഗത്തിൽ തീരുമാനമാകുന്നതിനായി R.D.O.മാരെ സഹായിക്കുന്നതിനായി 27 ട്രൈബ്യൂണലുകളിലായി 27 ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുണ്ട്.

പ്രസ്തുത നിയമപ്രകാരം മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ രജിസ്റ്റർ ചെയ്യുന്ന പരാതികൾ സമയബന്ധിതമായി തീർപ്പാക്കാനും വയോജന സംരക്ഷണ നിയമം സംബന്ധിച്ച് വ്യാപക പ്രചാരണം നടത്തുവാൻ ലക്ഷ്യം വച്ചും രജിസ്റ്റർ ചെയ്യപ്പെടുന്ന പരാതികളിൽ നേരിട്ട് അന്വേഷിച്ച് വസ്തുതകൾ ബോധ്യപ്പെടേണ്ടവ അന്വേഷിച്ച് സമയബന്ധിതമായി തീർപ്പാക്കുന്നതിനും വയോജനക്ഷേമ പ്രവർത്തനങ്ങളിൽ ക്രിയാത്മകമായ ഇടപെടൽ നടത്തുന്നതിനും ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു. അപ്രകാരം ടെക്നിക്കൽ അസിസ്റ്റന്റുമാർ മികച്ച രീതിയിൽ പ്രവർത്തനം നടത്തിവരുന്നു.

കൂടാതെ,പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സംസ്ഥാന ചട്ടങ്ങളിൽ ചട്ടം 21, 22 എന്നിവ പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാന വയോജന കൗൺസിലുകളും ജില്ലാ കമ്മിറ്റികളും ആക്റ്റിന്റെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി രൂപീകരിച്ചിട്ടുള്ളവയാണ്. പ്രസ്തുത കൗൺസിലുകളുടെ ക്രിയാത്മകമായ ഇടപെടലുകളും സഹായവും മെയിന്റനൻസ് കേസുകളുടെ നടത്തിപ്പിൽ കാര്യമായ പുരോഗതി

ഉണ്ടാക്കുന്നുണ്ട്. കൃത്യമായ ഇടവേളകളിലും അവശ്യ സന്ദർഭങ്ങളിലും വയോജന കൗൺസിൽ ജില്ലാ കമ്മിറ്റി യോഗം ചേരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം -2007 ന്റെ നടത്തിപ്പിന് ഒരു സ്പെഷ്യൽ സ്ക്വാഡ് രൂപീകരിക്കേണ്ട ആവശ്യകത നിലവിലില്ല.

*(സമിതിയുടെ 25.09.2019-ലെ യോഗത്തിൽ അംഗീകരിച്ചു)*

**ഖണ്ഡിക-21**

വീടുകളിൽ ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങളെ സംബന്ധിക്കുന്ന കൃത്യമായ വിവരം അതതു പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെടണമെന്നും മാസത്തിലൊരിക്കലെങ്കിലും അധികാരികൾ ഇത്തരം വീടുകളിൽ സന്ദർശനം നടത്തി അവരുടെ പ്രശ്നങ്ങൾ നേരിട്ട് കണ്ട് വിലയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടി**

*(ആഭ്യന്തര(ജി)വകുപ്പിന്റെ 02.01.2020-ലെ ജി 2/223/2019/ആഭ്യന്തരം നമ്പർ കത്തുമുഖേന ലഭിച്ച മറുപടി)*

മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെല്പ് ഡെസ്കുകൾ രൂപീകരിച്ചിട്ടുള്ളതും അതത് ബീറ്റ് ഏരിയകളിൽപ്പെട്ട സ്ഥലങ്ങളിൽ ബീറ്റ് ഓഫീസർമാർ മുതിർന്ന പൗരന്മാരുടെ ഭവനങ്ങൾ സന്ദർശിച്ച് അവരുടെ പരാതികൾക്ക് അടിയന്തര പരിഹാരം കാണുകയും ഓരോ സ്റ്റേഷൻ പരിധികളിലും ഉൾപ്പെട്ടിട്ടുള്ള മുതിർന്ന പൗരന്മാരുടെ വിവരങ്ങൾ ശേഖരിച്ച് ആയത് രജിസ്റ്റർ ഓഫ് സീനിയർ സിറ്റിസൺ-ൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുന്നു .

*(സമിതിയുടെ 31.05.2022-ലെ യോഗത്തിൽ അംഗീകരിച്ചു.)*

## ഖണ്ഡിക – 25

സംസ്ഥാനത്തെ അവശ്യസേവന കേന്ദ്രങ്ങളായ ആശുപത്രികൾ , സർക്കാർ ഓഫീസുകൾ മുതലായ സ്ഥാപനങ്ങളിൽ നിന്നും വയോജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ ഇനിയും ഏറെ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് സമിതിയുടെ ജില്ലാ സന്ദർ ശനങ്ങളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലെയും വഴി, പടവുകൾ, തറ, കട്ടിൽ, ശുചിമുറി എന്നിവ വയോജനങ്ങൾക്കുകൂടി ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

*(ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പിന്റെ 26.12.2024-ലെ M2/506/2019-Health നമ്പർ കത്തുമുഖേന ലഭിച്ച മറുപടി)*

ആരോഗ്യവകുപ്പിന് കീഴിലുള്ള വയോജന ആരോഗ്യ പദ്ധതി പ്രകാരവും ദേശീയ പദ്ധതിയായ നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഫോർ എൽഡർലി പ്രകാരവും സംസ്ഥാനത്തെ ആശുപത്രികൾ വയോജന സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആർദ്രം പദ്ധതി പ്രകാരം പുതുതായി പണികഴിപ്പിക്കുന്ന ആശുപത്രികളിൽ വയോജന സൗഹൃദ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രത്യേകം നിർദേശം നൽകിയിട്ടുണ്ട്. ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന എൽഡർലി ഫ്രണ്ട്ലി ഹോസ്പിറ്റൽ ഇനിഷ്യേറ്റീവിന്റെ ഭാഗമായി എല്ലാ വർഷവും ആശുപത്രികളിൽ വയോജന സൗഹൃദ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ഫണ്ട് അനുവദിച്ചുവരുന്നു . ആശുപത്രികൾ വയോജന സൗഹൃദമാക്കുന്നതിലേക്കായി റാമ്പുകളും ലിഫ്റ്റ് സൗകര്യവും വയോജനങ്ങൾക്കു കൂടി ഉപയോഗിക്കാവുന്ന രീതിയിലുള്ള ശുചിമുറികളും വീൽ ചെയറുകളും ട്രോളി സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

*(സമിതിയുടെ 10.07.2025-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**ഖണ്ഡിക- 26**

സംസ്ഥാനത്തെ എല്ലാ മിനി സിവിൽ സ്റ്റേഷനുകളിലും ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തണമെന്നും വയോജനങ്ങൾ നിരന്തരം സന്ദർശിക്കുന്ന സർക്കാർ ഓഫീസുകളിൽ വീൽചെയർ സജ്ജമാക്കണമെന്നും ആയത് ലഭ്യമാണെന്ന വിവരം എഴുതി പ്രദർശിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടി**

*(പൊതുമരാമത്ത്(ഇ) വകുപ്പിന്റെ 04.09.2018-ലെ ഇ 3/370/2018/പൊ.മ.വ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

സമിതിയുടെ ശി പാർശയുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുവാനുദ്ദേശിക്കുന്ന മിനി സിവിൽ സ്റ്റേഷൻ പ്രവൃത്തികളിൽ ലിഫ്റ്റ് സൗകര്യം കൂടി ഉൾക്കൊള്ളിക്കണമെന്നും നിലവിലുള്ള മിനി സിവിൽ സ്റ്റേഷനുകളിൽ ലിഫ്റ്റ് സൗകര്യം ലഭ്യമല്ലായെങ്കിൽ ആയത് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിലെ എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും കെട്ടിടവിഭാഗം ചീഫ് എൻജിനീയർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മിനി സിവിൽ സ്റ്റേഷൻ കെട്ടിടങ്ങൾ റവന്യൂ വകുപ്പിന് കീഴിലായതിനാൽ, വീൽ ചെയർ സജ്ജമാക്കുന്നതും ആയത് ലഭ്യമാണെന്ന വിവരം എഴുതി പ്രദർശിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പാണ്. വയോജനങ്ങൾ നിരന്തരം സന്ദർശിക്കുന്ന എല്ലാ സർക്കാർ ഓഫീസുകളിലും വീൽചെയർ കയറുന്നതിനുള്ള റാംപ് സൗകര്യം ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന വിവരം സമിതി മുൻപാകെ അറിയിക്കുന്നു.

*(സമിതിയുടെ 25.09.2019-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)*

**സമിതി ആരാഞ്ഞ അധികവിവരം**

മിനി സിവിൽ സ്റ്റേഷനുകളിൽ ലിഫ്റ്റ് സൗകര്യം എവിടെയൊക്കെയാണ് ഏർപ്പെടുത്തിട്ടുള്ളതെന്നും ദൈനംദിന ജീവിതത്തിൽ വയോജനങ്ങൾക്ക് നിരന്തരം സന്ദർശിക്കേണ്ടിവരുന്ന എല്ലാ സർക്കാർ ഓഫീസുകളിലും വീൽചെയർ കയറ്റുന്നതിനുള്ള റാംപ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരവും ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

**പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ അധികവിവരം**

*(പൊതുമരാമത്ത് (ഇ) വകുപ്പിന്റെ 21.07.2022-ലെ ഇ/169/2021/പൊ.മ.വ. കത്തുമുഖേന ലഭിച്ച മറുപടി.)*

ലിഫ്റ്റ് സൗകര്യവും റാംപ് സൗകര്യവും ഏർപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരം സമിതിയുടെ പരിഗണനയ്ക്കായി ചുവടെ ചേർക്കുന്നു.

**കെട്ടിടവിഭാഗം, തിരുവനന്തപുരം**

തിരുവനന്തപുരം കെട്ടിടവിഭാഗത്തിന് കീഴിൽ ആറ്റിങ്ങൽ സിവിൽസ്റ്റേഷൻ , കിളിമാനൂർ സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിൽ ലിഫ്റ്റ് സൗകര്യവും റാംപും ഉണ്ട്. കൂടാതെ നെയ്യാറ്റിൻകരയിലെ താലൂക്ക് ഓഫീസ് , കോടതി സമുച്ചയം, ട്രാഫിക് പോലീസ് സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷനിലെ സപ്ലൈ ഓഫീസ്, ലോട്ടറി ഓഫീസ് എന്നിവിടങ്ങളിലും ബിൽഡിംഗ്സ് സബ് ഡിവിഷൻ നെയ്യാറ്റിൻകര, റോഡ്സ് സെക്ഷൻ ഓഫീസ് പാറശ്ശാല, ബിൽഡിംഗ്സ് സെക്ഷൻ ഓഫീസ് പാറശ്ശാല, ആയുർവേദ ഡിസ്പെൻസറി കാഞ്ഞിരംകുളം, വില്ലേജ് ഓഫീസ് ആനാവൂർ, കുന്നത്തുകാൽ സബ് രജിസ്ട്രാർ ഓഫീസ്, വെള്ളറട പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിലും റാംപ് സൗകര്യം നിലവിലുണ്ട്.

വെള്ളനാട് മിനി സിവിൽ സ്റ്റേഷനിൽ രണ്ട് നിലകൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഭാവിയിൽ ലിഫ്റ്റും റാംപും സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള

ക്രമീകരണം ചെയ്തിട്ടുണ്ട്. നെയ്യാറ്റിൻകര, പാറശ്ശാല തുടങ്ങിയ മിനി സിവിൽ സ്റ്റേഷനുകളിൽ നിലവിൽ ലിഫ്റ്റ് സൗകര്യം ഇല്ല . പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ വീൽ ചെയർ കയറുന്നതിനുള്ള റാംപ് സൗകര്യം നൽകിവരുകയും കൂടാതെ നിലവിലുള്ള കെട്ടിടങ്ങളിൽ മെയിന്റനൻസ് വർക്കിൽ ഉൾപ്പെടുത്തി റാംപ് സൗകര്യം നിർമ്മിച്ച് നൽകുകയും ചെയ്യുന്നുണ്ട്.

**കെട്ടിടവിഭാഗം, കൊല്ലം**

കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷനിൽ ലിഫ്റ്റ് സൗകര്യമുണ്ട്. പുനലൂർ, പരവൂർ, ചാത്തന്നൂർ, പാരിപ്പള്ളി സബ് രജിസ്ട്രാർ ഓഫീസുകളിൽ റാംപ് സൗകര്യങ്ങൾ ഉണ്ട്. മിനി സിവിൽ സ്റ്റേഷനുകളായ കുണ്ടറ, ചാത്തന്നൂർ, ശാസ്താംകോട്ട എന്നിവിടങ്ങളിൽ ലിഫ്റ്റ് സൗകര്യം നിലവിലില്ല. മിനി സിവിൽ സ്റ്റേഷൻ കരുനാഗപ്പള്ളിക്ക് ലിഫ്റ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പുനലൂർ മിനി സിവിൽ സ്റ്റേഷനിൽ റാംപ് സൗകര്യം ഇല്ല . അഞ്ചൽ, പത്തനാപുരം, പുനലൂർ എന്നിവങ്ങളിൽ ലിഫ്റ്റോ റാംപോ സൗകര്യമില്ല.

**കെട്ടിടവിഭാഗം, ആലപ്പുഴ**

ചെങ്ങന്നൂർ, ആലപ്പുഴ മിനി സിവിൽ സറ്റേഷനുകളിൽ നിലവിൽ ലിഫ്റ്റും റാംപും സൗകര്യം ഉണ്ട്. കുട്ടനാട് മിനി സിവിൽ സ്റ്റേഷനിൽ ലിഫ്റ്റിനുള്ള പ്രൊവിഷൻ നിലനിർത്തിയിട്ടുണ്ട്.

ചേർത്തല, കായംകുളം, മാവേലിക്കര മിനി സിവിൽ സ്റ്റേഷനുകളിൽ നിലവിൽ ലിഫ്റ്റും റാംപും സൗകര്യം ഇല്ല.

**കെട്ടിടവിഭാഗം, പത്തനംതിട്ട**

കോന്നി, ആറന്മുള, പത്തനംതിട്ട എന്നീ മിനി സിവിൽ സ്റ്റേഷനുകളിൽ നിലവിൽ ലിഫ്റ്റും റാംപും സൗകര്യം ഉണ്ട്. റാന്നി മിനി സിവിൽ സ്റ്റേഷനിൽ ലിഫ്റ്റും മല്ലപ്പള്ളി മിനി സിവിൽ സ്റ്റേഷനിൽ റാംപും സൗകര്യം നിലവിലുണ്ട്.

**കെട്ടിടവിഭാഗം, കോട്ടയം**

കോട്ടയം സിവിൽ സ്റ്റേഷൻ, കോട്ടയം മിനി സിവിൽ സ്റ്റേഷൻ, പാലാ സിവിൽ സ്റ്റേഷൻ, കാഞ്ഞിരപ്പള്ളി, പൊൻകുന്നം മിനി സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിൽ ലിഫ്റ്റ് സംവിധാനവും റാംപും ഒരുക്കിയിട്ടുണ്ട്.

വെള്ളിലാപ്പള്ളി, രാമപുരം, വള്ളിച്ചിറ, മീനച്ചിൽ, പുലിയന്നൂർ എന്നീ വില്ലേജ് ഓഫീസുകളിലും റാംപ് സൗകര്യം നിലവിലുണ്ട്.

**കെട്ടിടവിഭാഗം, ഇടുക്കി**

ഇടുക്കി ജില്ലാ സിവിൽ സ്റ്റേഷൻ പൈനാവിലും തൊടുപുഴ മിനി സിവിൽ സ്റ്റേഷനിലും ലിഫ്റ്റ് സംവിധാനം നിലവിലുണ്ട്.

തൊടുപുഴ, പൈനാവ്, പീരുമേട്, മൂന്നാർ, നെടുങ്കണ്ടം എന്നിവിടങ്ങളിലെ എല്ലാ സർക്കാർ ഓഫീസുകളിലും റാംപ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു.

**കെട്ടിടവിഭാഗം, എറണാകുളം**

എറണാകുളം കോതമംഗലം, ആലുവ, അങ്കമാലി മിനി സിവിൽ സ്റ്റേഷനുകളിൽ ലിഫ്റ്റ് സൗകര്യം നിലവിലുണ്ട്.

പെരുമ്പാവൂർ, കോലഞ്ചേരി. മൂവാറ്റുപുഴ, പിറവം, തൃപ്പൂണിത്തുറ എന്നിവിടങ്ങളിൽ ലിഫ്റ്റ് സൗകര്യം നിലവിലില്ല. റാംപ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

പെരുമ്പാവൂരിലെ സർക്കാർ ഓഫീസുകളായ എ.ഇ.ഒ, റോഡ് സേഫ്റ്റി ഓഫീസ്, കോടതി സമുച്ചയം തുടങ്ങിയ ഓഫീസുകളിൽ റാംപുകൾ സ്ഥാപിച്ചിട്ടുണ്ട്.

**കെട്ടിടവിഭാഗം, തൃശ്ശൂർ**

അയ്യന്തോൾ സിവിൽ സ്റ്റേഷൻ , കൊടുങ്ങല്ലൂർ മിനി സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിൽ ലിഫ്റ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് . കൂടാതെ ഡിവിഷന് കീഴിലെ സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ അർഹമായ സ്ഥലങ്ങളിൽ റാംപ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**കെട്ടിടവിഭാഗം, പാലക്കാട്**

പാലക്കാട്, ഒറ്റപ്പാലം മിനി സിവിൽ സ്റ്റേഷനുകളിൽ ലിഫ്റ്റും റാംപും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ആലത്തൂർ മിനി സിവിൽ സ്റ്റേഷനിൽ ലിഫ്റ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. പട്ടാമ്പി, അട്ടപ്പാടി, മണ്ണാർക്കാട് എന്നിവിടങ്ങളിൽ ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. റാംപ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

**കെട്ടിടവിഭാഗം, മലപ്പുറം**

പെരിന്തൽമണ്ണ, മഞ്ചേരി, നിലമ്പൂർ, തിരൂർ എന്നീ മിനി സിവിൽ സ്റ്റേഷനുകളിൽ ലിഫ്റ്റ് സൗകര്യം ലഭ്യമാണ്. കൂടാതെ 60 ശതമാനത്തോളം സർക്കാർ ഓഫീസുകളിലും റാംപ് സൗകര്യവും നിലവിലുണ്ട്.

**കെട്ടിടവിഭാഗം, കോഴിക്കോട്**

കൊയിലാണ്ടി സബ്ഡിവിഷനുകീഴിലുള്ള മിനി സിവിൽ സ്റ്റേഷനിൽ റാംപ് സൗകര്യം നിലവിലുണ്ട്.

പേരാമ്പ്ര, ബാലുശ്ശേരി, കുന്നമംഗലം എന്നീ മിനി സിവിൽ സ്റ്റേഷനുകളിൽ ലിഫ്റ്റ്, റാംപ് എന്നിവയുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മുക്കം മിനി സിവിൽ സ്റ്റേഷനിൽ നിലവിൽ 2 നിലകൾ മാത്രമാണ് ഉള്ളത്. മൂന്നാംനില നിർമ്മിക്കുമ്പോൾ ലിഫ്റ്റിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതാണ്.

**കെട്ടിടവിഭാഗം, വയനാട്**

കൽപ്പറ്റ മിനി സിവിൽ സ്റ്റേഷൻ, കൽപ്പറ്റ കോടതി സമുച്ചയം, സുൽത്താൻ ബത്തേരി മിനി സിവിൽ സ്റ്റേഷൻ, മാനന്തവാടി മിനി സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിലെല്ലാം നിലവിൽ ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾ നിരന്തരം ബന്ധപ്പെടേണ്ടിവരുന്ന സർക്കാർ ഓഫീസുകൾക്കുള്ള

ബഹുനില കെട്ടിടങ്ങളുടെ പുതിയ നിർമ്മിതികൾക്ക് ലിഫ്റ്റ് സൗകര്യം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താറുണ്ട്. വയോജനങ്ങൾക്ക് നിരന്തരം സന്ദർശിക്കേണ്ടിവരുന്ന ഭൂരിഭാഗം സർക്കാർ ഓഫീസുകളിലും വീൽചെയർ കയറ്റുന്നതിനുള്ള റാംപ് സൗകര്യം നിലവിലുണ്ട്.

**<u>കെട്ടിടവിഭാഗം, കണ്ണൂർ</u>**

സിവിൽ സ്റ്റേഷൻ കണ്ണൂർ , സിവിൽ സ്റ്റേഷൻ അനക്സ് കണ്ണൂർ , മിനി സിവിൽ സ്റ്റേഷൻ തളിപ്പറമ്പ്, മിനി സിവിൽ സ്റേറഷൻ തലശ്ശേരി എന്നിവിടങ്ങളിൽ ലിഫ്റ്റും റാംപും സംവിധാനം നിലവിലുണ്ട്.

മിനി സിവിൽ സ്റേറഷൻ പയ്യന്നൂരിൽ ലിഫ്റ്റ് സൗകര്യം ഉണ്ട് . കണ്ണൂർ ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകളിലും ബാരിയർ ഫ്രീ സ്കീമിൽ ഉൾപ്പെടുത്തി റാംപ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

**<u>കെട്ടിടവിഭാഗം, കാസർഗോഡ്</u>**

കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷനിൽ നിലവിൽ റാംപ് സൗകര്യം ഇണ്ട് . നിലവിൽ ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട് . കാസർഗോഡ് ഉപവിഭാഗത്തിന്റെ പരിധിയിൽ വരുന്ന സിവിൽ സ്റ്റേഷനിൽ റാംപ് സൗകര്യം നിലവിലുണ്ട്. മിനി സിവിൽ സ്റ്റേഷൻ കാസർഗോഡ് എന്ന പ്രവൃത്തിയിൽ റാംപ്, ലിഫ്റ്റ് സൗകര്യങ്ങൾ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട് . കാസർഗോഡ് കോർട്ട് കോംപ്ലക്സിൽ റാംപ് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ബാരിയർ ഫ്രീ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

*(സമിതിയുടെ 23.05.2024-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**<u>തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി</u>**

*(തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പിന്റെ 08.04.2021-ലെ ഡി .ബി.2/117/2019/ ത.സ്വ.ഭ.വ നമ്പർ കത്തുമുഖേന ലഭിച്ച മറുപടി)*

പഞ്ചായത്ത് വകുപ്പിന്റെ കീഴിൽ വരുന്ന ഓഫീസുകളിൽ വീൽചെയർ സൗകര്യം നടപ്പിലാക്കുന്നതിന് ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നല്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടറും എല്ലാ നഗരസഭാ ഓഫീസുകളിലും വീൽ ചെയർ സൗകര്യം വയോജനങ്ങൾക്കായി സജ്ജമാക്കുന്നതിനും ടി വിവരം ബോർഡിൽ എഴുതി പ്രദർശിപ്പിക്കുന്നതിനും എല്ലാ നഗരസഭാ മേധാവികൾക്കും നിർദ്ദേശം നല്കിയിട്ടുള്ളതായി നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. അതോടൊപ്പം ജില്ലാ കളക്ടറേറ്റുകൾ സ്ഥിതി ചെയ്യുന്ന ബഹുനില മിനി സിവിൽ സ്റ്റേഷനുകളിൽ ലിഫ്റ്റ് സൗകര്യവും, വീൽചെയർ സൗകര്യവും ലഭ്യമാക്കണമെന്ന സമിതിയുടെ നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിക്കുന്നതിനായി ഫയൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന വിവരവും സമിതിയെ അറിയിക്കുന്നു.

*(സമിതിയുടെ 31.05.2022-ലെ യോഗത്തിൽ അംഗീകരിച്ചു)*

**<u>ഖണ്ഡിക-27</u>**

വയോജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ തന്നെ നിലനിർത്തുന്നതിന് സർക്കാർ തലത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ രൂപീകരിക്കണമെന്നും മുതിർന്ന പൗരൻമാരുടെ അവകാശങ്ങൾ, ആരോഗ്യസംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കണമെന്നും മുതിർന്ന പൗരൻമാരുടെ പരിചയസമ്പത്ത് പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി

*(സാമൂഹ്യനീതി വകുപ്പിന്റെ 14.06.2019-ലെ സി 2/13/2019/സാ.നീ.വ. നമ്പർ കത്തു മുഖേന ലഭിച്ച മറുപടി)*

വയോജനങ്ങളുടെ ഉന്നമനത്തിനും അവരെ മുഖ്യധാരയിൽ കൊണ്ടു വരുന്നതിനും 'വയോജന ജാഗ്രതാ സമിതികൾ' പല പഞ്ചായത്തുകളിലും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാർ, മുതിർന്ന പൗരന്മാരുമായി ചേർന്ന് പഞ്ചായത്ത് തലത്തിൽ നെറ്റ് വർക്ക് സംവിധാനം രൂപീകരിക്കുന്നതിനും, സ്കൗട്ടിംഗ്, NSS, NCC, മറ്റ് യുവജന സംഘടനകൾ എന്നിവയുമായി ചേർന്ന് വയോജനങ്ങളെ സഹായിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ , ആരോഗ്യസംരക്ഷണം, അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് നിരവധി ബോധവൽക്കരണ പരിപാടികളും മെഡിക്കൽ ക്യാമ്പുകളും ജില്ലാതലങ്ങളിലും ട്രൈബ്യൂണൽ തലങ്ങളിലും വകുപ്പ് നടത്തി വരുന്നുണ്ട്. 2018-19 വർഷം സ്കൂൾ, കോളേജ് തലത്തിൽ 28 ബോധവൽക്കരണ സെമിനാറുകൾ വിദ്യാർത്ഥികൾക്ക് നടത്തിയിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾക്കായി നിരവധി പ്രോഗ്രാമുകൾ സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായത്തോടെ നടത്തിയിട്ടുണ്ട്.

*(സമിതിയുടെ 25.09.2019-ലെ യോഗത്തിൽ അംഗീകരിച്ചു.)*

## ഖണ്ഡിക-28

യാത്രാവേളയിലെ സീറ്റ് സംവരണം സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ എഫ്.എം. റേഡിയോ പോലുള്ള സാമൂഹിക മാധ്യമങ്ങളിലൂടെ കൂടുതലായി പ്രചരിപ്പിക്കുന്നതോടൊപ്പം (വൈദ്യുതി, വെള്ളം എന്നിവയെക്കുറിച്ചുള്ള പരസ്യങ്ങൾ പോലെ) മുതിർന്ന പൗരന്മാർക്കായി സംവരണം ചെയ്യപ്പെട്ട സീറ്റുകൾ , അവർ ആവശ്യപ്പെടുമ്പോൾ ഒഴിഞ്ഞു നൽകാതെ വരുന്ന സാഹചര്യങ്ങളിൽ ഇതു സംബന്ധിച്ച

പരാതി ബോധിപ്പിക്കുന്നതിനുള്ള ഫോൺ നമ്പറും മേൽവിലാസവും ശിക്ഷാനടപടികളും കൂടി ബസിൽ പെയിന്റ് കൊണ്ട് എഴുതി പ്രദർശിപ്പിക്കേണ്ടതാണെന്നും ബസുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന വേളയിൽ ഈ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടെന്ന് ഗതാഗത വകുപ്പ് ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഗതാഗത വകുപ്പ് സ്വീകരിച്ച നടപടി**

*(ഗതാഗത (ബി) വകുപ്പിന്റെ 29.05.2019-ലെ ബി1/25/2019/ഗതാ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

മുതിർന്ന പൗരന്മാർക്കായി സംവരണം ചെയ്തിരിക്കുന്ന സീറ്റുകൾ അവർക്ക് ലഭിക്കുന്നുണ്ട് എന്നുറപ്പാക്കുന്നതിന്റെ ഭാഗമായി തുടർച്ചയായി വാഹന പരിശോധനകൾ നടത്തി ബസ് ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു എന്നും, നിരവധി ബസുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതും കണ്ടക്ടർമാരുടെ ലൈസൻസ് സസ്പെൻഡ് ചെയ്തിട്ടുള്ളതുമാകുന്നു. കൂടാതെ ബസുകളിൽ സീറ്റ് റിസർവേഷൻ സ്റ്റിക്കറുകൾ പതിപ്പിക്കുകയും മുതിർന്ന പൗരന്മാർക്കായി സംവരണം ചെയ്തിരിക്കുന്ന സീറ്റുകളിൽ ആയത് മലയാളത്തിൽ പ്രദർശിപ്പിക്കുന്നതിനും അർഹതപ്പെട്ടവർക്ക് അവ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും ബസ് ജീവനക്കാർക്കും ബസുടമകൾക്കും കർശന നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. വയോജനങ്ങൾക്ക് നിയമാനുസൃതവും മനുഷ്യത്വപരവുമായ എല്ലാ സംരക്ഷണങ്ങളും പൂർണ്ണതോതിൽ ഉറപ്പുവരുത്തുന്നതിന് നിരന്തര പരിശോധനകളും ബോധവൽക്കരണ ക്ലാസുകളും നടത്തുകയും നിയമനടപടികൾക്ക് വിധേയരായ ഡ്രൈവർമാരെയും കണ്ടക്ടർമാരെയും IDTR-ൽ പരിശീലനത്തിന് വിധേയരാക്കുകയും ചെയ്തിട്ടുണ്ട്. ഷാഡോ സ്ക്വാഡുകളെ കൂടി ഉപയോഗപ്പെടുത്തി ഊർജ്ജിതമായി പരിശോധനകൾ നടത്തിവരുന്നുണ്ട്. കെ.എസ്.ആർ.ടി.സി യുടെ ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ് ,

ഓർഡിനറി സ്റ്റേജ് ക്യാരേജ് സർവ്വീസുകളിൽ മുതിർന്ന പൗരന്മാർക്കായി 20% സീറ്റുകൾ സംവരണം ചെയ്തിട്ടുള്ളതാണ്. ആയതിൽ 10% പുരുഷന്മാർക്കും 10% സ്ത്രീകൾക്കും ഉറപ്പുവരുത്തിയിട്ടുള്ളതുമാണ്. പ്രസ്തുത സീറ്റുകൾ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി കണ്ടക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുള്ളതുമാകുന്നു. വീഴ്ചവരുത്തുന്ന ജീവനക്കാർക്കെതിരെ വ്യക്തിപരമായ പരാതികൾ ലഭ്യമാകുന്ന മുറയ്ക്ക് അന്വേഷണം നടത്തി അച്ചടക്ക നടപടി സ്വീകരിക്കാറുള്ളതുമാണ്. കൂടാതെ പരാതി സമർപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. യുടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം നമ്പർ എല്ലാ ബസുകളുടെയും ഉൾഭാഗത്ത് വാതിലിനു മുകളിലായി വ്യക്തമായി എഴുതി പ്രദർശിപ്പിച്ചിട്ടുള്ളതുമാണ്.

*(സമിതിയുടെ 25.09.2019-ലെ യോഗത്തിൽ അംഗീകരിച്ചു)*

**ഖണ്ഡിക-29**

മുതിർന്ന പൗരന്മാർക്കായി പ്രത്യേക ക്യൂ സംവിധാനം ഏർപ്പെടുത്താത്തത് സംബന്ധിച്ച പരാതി സമർപ്പിക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആശുപത്രികളിൽ എഴുതി പ്രദർശിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ചനടപടി**

*(ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പിന്റെ 26.12.2024-ലെ M2/506/2019-Health നമ്പർ കത്തു മുഖേന ലഭിച്ച മറുപടി)*

എല്ലാ ആശുപത്രികളിലും മുതിർന്ന പൗരന്മാർക്ക് പ്രത്യേക ക്യൂവോ ക്യൂ അല്ലാതെയോ സേവനങ്ങൾ നൽകണമെന്ന് നിർദേശം നല്കിയിട്ടുണ്ട്. എന്നാൽ ടോക്കൺ സിസ്റ്റം നിലവിൽ വന്ന ശേഷം മിക്ക ആശുപത്രികളിലും ടോക്കൺ പ്രകാരമുള്ള ക്യൂ സംവിധാനമാണ് നിലവിലുള്ളത് . അതുകൊണ്ടുതന്നെ മുതിർന്ന പൗരന്മാർക്ക് ആവശ്യത്തിനുള്ള ഇരിപ്പിടവും കുടിവെള്ള സൗകര്യവും കാത്തിരിപ്പ

സ്ഥലങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാർക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ ലഭിക്കാതിരിക്കുകയോ കാലതാമസം വരികയോ ചെയ്യുന്നപക്ഷം ആശുപത്രി അധികൃതർക്ക് പരാതി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും ഇത് എല്ലാ ആശുപത്രികളിലും പ്രദർശിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. മെഡിക്കൽ കോളേജുകളിൽ എത്തുന്ന മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും ഒ.പി യിൽ പ്രത്യേകം ക്യൂ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. ഒ.പി യിൽ ഡോക്ടറെ കാണുന്നതിന് മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും മുൻഗണന നൽകുന്നതാണ്. മുതിർന്ന പൗരന്മാർക്ക് അടിയന്തര സാഹചര്യത്തിൽ അഡ്മിഷൻ നൽകുന്നതിനായി അഡ്മിഷൻ കൗണ്ടറിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

*(സമിതിയുടെ 10.07.2025-ലെ യോഗത്തിൽ അംഗീകരിച്ചു.)*

## അദ്ധ്യായം 2

## സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും സമിതിയുടെ തുടർ ശിപാർശകളും

### ശിപാർശ -15

ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിച്ചവർ മരണപ്പെടുന്ന സാഹചര്യത്തിൽ അപേക്ഷകൻ ചികിത്സയ്ക്കായി തുക മുൻകൂറായി ചെലവഴിച്ചിരുന്നു എന്നതു കണക്കിലെടുത്ത് മരണപ്പെട്ട ആളുടെ ആശ്രിതർക്ക് ധനസഹായം അനുവദിച്ച് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

*(ആരോഗ്യകുടുംബക്ഷേമ(എം) വകുപ്പിന്റെ 25.12.2024-ലെ M2/506/2019-Health നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

ആശുപത്രി അധികൃതരുടെ പക്കൽ നിന്നും മെഡിക്കൽ സർട്ടിഫിക്കറ്റോ അനുബന്ധ ചികിത്സാരേഖകളോ മുതിർന്ന പൗരന്മാർക്ക് നൽകുന്നതിന് കാലതാമസം

ഉണ്ടാവുകയാണെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കുന്നതിന് വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്.

*(സമിതിയുടെ 10.07.2025-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)*

**തുടർ ശിപാർശ**

ശിപാർശയിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി കർശനമായി നിർദേശിക്കുന്നു.

**ശിപാർശ-23**

വാർദ്ധക്യസഹജമായി ഉണ്ടായേക്കാവുന്ന അസുഖങ്ങളായ പാർക്കിൻസൺസ്, അൽഷിമേഴ്സ്, ശ്രവണ/കാഴ്ച വൈകല്യങ്ങൾ തുടങ്ങിയവ ചികിത്സിക്കുന്നതിനായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ മുതലുള്ള ആശുപത്രികളിൽ ജറിയാട്രിക് ക്ലിനിക്കുകൾ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ-24**

ജറിയാട്രിക് ക്ലിനിക്കുകളിൽ പരിശോധനയ്ക്കൊപ്പം ആവശ്യമുള്ള സഹായോപകരണങ്ങൾ, ശ്രവണ/കാഴ്ച ഉപകരണങ്ങൾ, വാക്കറുകൾ, വീൽ ചെയറുകൾ എന്നിവ രോഗികൾക്ക് ആവശ്യമെങ്കിൽ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ 30**

താലൂക്ക് ആശുപത്രി മുതലുള്ള എല്ലാ ആശുപത്രികളിലും മുതിർന്ന പൗരന്മാർക്കായി പ്രത്യേകം വാർഡ് രൂപീകരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ട സമിതി, ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ജനറൽ ആശുപത്രികളിലും ജില്ലാ

ആശുപത്രികളിലും ജെറിയാട്രിക് വാർഡുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**<u>തുടർ ശിപാർശ</u>**

സമിതിയുടെ റിപ്പോർട്ട് സമർപ്പിച്ച് 8 വർഷത്തിലേറെയായിട്ടും ഖണ്ഡിക 23, 24, 30 എന്നിവയിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ആരോഗ്യകുടുംബക്ഷേമ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കാത്തത് ഒരേ സമയം സമിതിയോടും വയോജനങ്ങളോടുമുള്ള അവഹേളനമായി സമിതി വിലയിരുത്തുന്നു. പ്രസ്തുത ശിപാർശകളിന്മേൽ അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് ഉടൻതന്നെ ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു.

തിരുവനന്തപുരം

**2026 ഫെബ്രുവരി 4**

**ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,**

**ചെയർപേഴ്സൺ,**

**മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി.**